# സാഹിതി

വാർത്താപത്രിക 6

കേരള
സാഹിത്യ അക്കാദമി

ദേശീയപുസ്തകോൽസവം 2019
എഴുത്തരങ്ങ് സാംസ്കാരികോൽസവം

ഫെബ്രുവരി 7 വ്യാഴം 04:30
ഭാഷ നവോത്ഥാനം ആധുനികത
പ്രഭാഷണം : സുനിൽ പി.ഇളയിടം





# ഭാഷ നവോത്ഥാനം ആധുനികത



ഡോ.ഖദീജ മുംതാസ്
വൈസ് പ്രസിഡന്റ്
കേരള സാഹിത്യ അക്കാദമി

പുസ്തകങ്ങൾക്ക് മുമ്പേ ഉണ്ടായതാണ് ഭാഷ. ഭാഷയില്ലെങ്കിൽ പുസ്തകങ്ങളുമില്ലല്ലോ.

നൂറ്റാണ്ടുകൾക്കുമുമ്പ്, എഴുത്തച്ഛനുംമുമ്പ് കേരളത്തിൽ വാമൊഴിമലയാളമുണ്ടായിരുന്നു. വിവിധ പ്രദേശങ്ങളിൽ പലതരം ഉച്ചാരണവിശേഷങ്ങളോടെ, പ്രാദേശികവാഗർത്ഥഭേദങ്ങളോടെ പ്രാകൃതമെന്ന് ഇന്ന് തോന്നാവുന്ന ഭാഷ ഉപയോഗിച്ചും മനുഷ്യർ ആശയവിനിമയം നടത്തിയിട്ടുണ്ട്. ചുരുങ്ങിയ അക്ഷരങ്ങൾ ഉപയോഗിച്ചുള്ള വട്ടെഴുത്തുരീതിയും നിലനിന്നിരുന്നു. കൂടുതൽ അക്ഷരങ്ങൾ മെനഞ്ഞും സംസ്കൃതത്തിൽ നിന്നും ഒരുപക്ഷേ തമിഴിൽനിന്നും വാക്കുകൾ കൂട്ടിച്ചേർത്തും സമ്പുഷ്ടമായ ഒരു മലയാളത്തെ സൃഷ്ടിച്ചെടുത്തു ഭാഷാപിതാവ്. സംസ്കൃതമറിയാവുന്നവർക്കുമാത്രം പ്രാപ്യമായിരുന്ന ജ്ഞാനശാഖകളോട് അങ്ങനെ അക്ഷരം പഠിച്ച ഏതൊരാൾക്കും ബന്ധം സ്ഥാപിക്കാനായി. ജ്ഞാനഭാഷയെന്നോ ദേവഭാഷയെന്നോ കരുതപ്പെട്ട സംസ്കൃതത്തിന് പിന്നാലെ അച്ചടിമലയാളവും ആര്യഭാഷയായി. മലയാളം വീണ്ടും വളർന്നു, കവികളാൽ, ജ്ഞാനികളാൽ. മറ്റു ഭാഷകളുമായുള്ള സംസർഗത്താൽ ജാതിമതാതീതമായി പാഠശാലകൾ ഉണ്ടായിവന്നപ്പോൾ എഴുത്തുഭാഷ ശീലിച്ചവരൊക്കെ തങ്ങളുടെ സംസാരഭാഷകളേയും പരിഷ്കരിച്ചു. അല്ലെങ്കിൽ ഭാഷാപരിഷ്കാരം നവോത്ഥാനത്തിന്റെ, ആധുനികതയുടെ അവിഭാജ്യഘടകമായി നാം ഏറ്റെടുത്തു. എഴുത്തുഭാഷയിലേക്ക് എത്താൻ വൈകിയവരുടെ ഭാഷ, കീഴാളന്റെ, മുസ്ലിമിന്റെ ഭാഷ മ്ലേച്ഛഭാഷയായി.

വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു' എന്ന കൃതിയിൽ പാരമ്പര്യാഭിമാനങ്ങളിൽ കുരുങ്ങിക്കിടന്നിരുന്ന കുടുംബത്തിലെ നിരക്ഷരയായ കുഞ്ഞിപ്പാത്തുമ്മയെ പരിഷ്കാരിയാക്കാൻ നിസാർ അഹമ്മദും പെങ്ങളും ആദ്യം ശ്രമിക്കുന്നത് അവളുടെ ഭാഷയിലൂടെയാണ്. പയം അല്ല, പഴമെന്ന് പറയൂ, ബയ്തനങ്ങ അല്ല, വഴുതിനങ്ങ എന്നിങ്ങനെ. നിസാർ അഹമ്മദ് പരിഷ്കൃതാശങ്ങളുള്ളവൻ. പെങ്ങളും പരിഷ്കാരിണി. സാരിയുടുക്കുന്നവൾ. കുഞ്ഞിപ്പാത്തുമ്മയേപ്പോലെ കാച്ചിയും തട്ടവുമല്ല. അപ്പോൾ ഭാഷയിൽ തുടങ്ങി, വേഷത്തിലും

പെരുമാറ്റത്തിലും കുടുംബഘടനയിലും ഒക്കെ വന്നുചേർന്നു മാറ്റങ്ങൾ. വിദ്യാഭ്യാസം കിട്ടി മുന്നോട്ടുവന്നവരുടെയൊക്കെ ആ മാറ്റത്തേയും നാം നവോത്ഥാനമെന്ന് പറഞ്ഞു. വാസ്തവത്തിൽ അതൊരു ഏകീകരണം -ഉപരിപ്ലവമായ ആധുനീകരണം- മാത്രമായിരുന്നു. കമ്പോളമാണ് അധികം വൈകാതെ ഈ ഏകതാനതയെ സമർത്ഥമായി ഉപയോഗിച്ചത് എന്ന് പറയാതെ വയ്യ.

സംസാരഭാഷയിൽ മാത്രമല്ല, സാഹിത്യത്തിലും ദൃശ്യകലകളിലും ഒക്കെ ഈ വരേണ്യഭാഷയുടെ സ്വാധീനമുണ്ടായി. സിനിമ ജീവിതത്തിന്റെ നേർചിത്രീകരണമായതിനാൽ സംസാരഭാഷയുടെ, ഗ്രാമീണഭാഷയുടെ ആവശ്യമുണ്ടായപ്പോഴൊക്കെ നാം സവർണഭാഷ ഉപയോഗിച്ചു. വള്ളുവനാടൻഭാഷയെന്ന നമ്പൂതിരി-നായർ ഭാഷ അങ്ങനെ സിനിമയുടെ ഇഷ്ടഗ്രാമ്യഭാഷയായി. മലയാളം-തമിഴ് എഴുത്തുകാരനായ ജയമോഹൻ, അദ്ദേഹം പണ്ട് തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന നാഞ്ചിനാട്ടുകാരനാണ്. തന്റെ 'ഉറവിടങ്ങൾ' എന്ന ആത്മകഥാപരമായ കൃതിയിൽ ഇന്നത്തെ മലയാളിയെ ഇക്കാര്യത്തിൽ അതിനിശിതമായി വിമർശിക്കുന്നുണ്ട്. ഇന്ന് തിരുവനന്തപുരത്തെത്തുമ്പോൾപോലും കേൾക്കുന്നത് 'ഇല്യാ'ഭാഷയാണെന്നദ്ദേഹം. തിരുവിതാംകൂറിന്റെ നാട്ടുഭാഷയെ മലയാളി പുച്ഛത്തോടെ പരിഹാസ്യമായി കലകളിലവതരിപ്പിക്കും. രണ്ട് ഭാഷയേ ഇന്ന് മലയാളിക്കുള്ളൂ. ഒന്ന് അച്ചടിമലയാളം, രണ്ട് നമ്പൂതിരിയുടെ ഇല്യാഭാഷ! സ്വന്തം ഭാഷം നഷ്ടപ്പെടുന്നത് എത്ര വലിയ സ്വത്വപ്രതിസന്ധിയാണെന്ന് അദ്ദേഹത്തിന്റെ അനുഭവവിവരണങ്ങളിലൂടെ നാമറിയുന്നു.

ജ്യോതിഷഭാഷാവ്യവഹാരാപഗ്രഥനം എന്നൊരു പിഎച്ച്ഡി ഗ്രന്ഥം (ഡോ.മിനി എബ്രഹാം, മദ്രാസ് യൂണിവേഴ്സിറ്റി) പരിചയപ്പെടാനിടയായി ഈയിടെ. പ്രവചനശാസ്ത്രമായ ജ്യോതിഷവുമായി ബന്ധപ്പെട്ട പദങ്ങൾ എത്ര വ്യാപകമായാണ് നമ്മുടെ എഴുത്തിൽ, സാഹിത്യത്തിൽ, സിനിമാഗാനങ്ങളിൽ, സംസാരഭാഷയിൽപോലും എന്നതിന്റെ ഒരന്വേഷണവും വിശകലനവുമായിരുന്നു അത്. സാധാരണക്കാരുടെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്താനായ സിനിമാഗാനങ്ങളെ വിശദമായി പരിശോധിക്കുന്നുണ്ടതിൽ. അവയിൽ ജ്യോതിഷവുമായി ബന്ധപ്പെട്ട പദങ്ങളുടെ ആധിക്യം നമ്മെ അത്ഭുതപ്പെടുത്തും. പൂജയും കണിയും പുണ്യപാപങ്ങളും ജന്മാന്തരസുകൃതങ്ങളും ക്ഷേത്രവും നിർമാല്യവും ജനിമൃതികളുമായി അതങ്ങനെ അത്ഭുതകരമായി നീളുകയാണ്. നാട്ടുബിംബങ്ങൾ ഏറെയുള്ള പി.ഭാസ്കരന്റേയും ഓയെൻവിയുടേയും നാടകസിനിമാഗാനങ്ങളെ മാറ്റിനിർത്തിയാൽ വയലാർ, യൂസഫലി, ഗിരീഷ് പുത്തഞ്ചേരി തുടങ്ങി ആസ്വാദകരുടെ മനസ്സിൽ ശക്തമായ സാന്നിധ്യമായ ഏതാണ്ടെല്ലാ കവികളുടേയും രചനകളിൽ വരികൾതോറും അവയുണ്ട്.

ഇത് സിനിമാഗാനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നുമില്ല. മലയാളിയുടെ സംസ്കാരത്തിൽ ബ്രാഹ്മണികമായ ഈ പൗരോഹിത്യശാഖക്കുള്ള നിസ്സീമമായ സ്വാധീനമാണത് സൂചിപ്പിക്കുന്നത്. വിധിയിലും ജന്മപാപങ്ങളിലുമൊക്കെ വിശ്വസിക്കാനും വിരഹത്തിലും നഷ്ടങ്ങളിലും അസാധാരണമായ ക്ഷമ പാലിക്കാനും ഒരു തലമുറയെ ശീലിപ്പിച്ചത് ഒരുപക്ഷേ, അവരുടെ അസ്ഥിയിൽ പിടിച്ച ഈ സിനിമാഗാനങ്ങൾ കൂടിയായിരിക്കണം. ഒരുതരത്തിലുള്ള സാംസ്കാരികസവർണാധിപത്യവും വിധേയത്വവും തന്നെയാണ് അപ്പോഴവിടെ സംഭവിക്കുന്നത് എന്ന് അവരറിഞ്ഞിരുന്നില്ല എന്നുമാത്രം. ബുദ്ധമതകാലത്തെ ഉജ്ജ്വലജ്ഞാനശാഖയായിരുന്ന ജ്യോതിശാസ്ത്രത്തെ ജ്യോതിഷമെന്ന പ്രവചനശാസ്ത്രം മാത്രമാക്കി പരിണമിപ്പിച്ചത് സാംസ്കാരികമേൽക്കോയ്മക്കുതകും വിധംതന്നെയായിരുന്നു. ഭാഷയിലുണ്ടായ സ്വാധീനം നവോത്ഥാനാനന്തരകാലഘട്ടത്തിലും അബോധതലത്തിൽ പ്രവർത്തിച്ചുകൊണ്ടുതന്നേയിരുന്നു.

സ്വന്തം ഭാഷ നഷ്ടപ്പെടുന്നത് സ്വത്വനഷ്ടം തന്നെയെന്ന് ആധുനികാന്തരകാലത്ത് സമൂഹങ്ങൾ തിരിച്ചറിഞ്ഞുതുടങ്ങുകയാണ്. നാഞ്ചിനാട്ടുകാരുടെ പ്രതിനിധിയായ ജയമോഹനേപ്പോലെ ധാരാളം എഴുത്തുകാർ സ്വന്തം പ്രാദേശികഭാഷയേയും സംസ്കാരത്തേയും തിരിച്ചുപിടിച്ചുകൊണ്ട് തങ്ങളുടെ എഴുത്തുകളെ കൂടുതൽ ജീവസ്സുറ്റവയാക്കിക്കൊണ്ടിരിക്കുന്നു. കൂടുതൽ കൂടുതൽ വേരുകളിലേക്ക്, ഉറവിടങ്ങളിലേക്ക് അവർ പോയിക്കൊണ്ടിരിക്കുന്നു. പുതിയകാലസിനിമകളിലും നമുക്കീ പ്രവണത കാണാം. ഏകതാനമായ സംസ്കാരനിർമിതിയെ പ്രതിരോധിക്കേണ്ടത് ഭാഷയുടേയും സംസ്കാരത്തിന്റേയും ഈ വൈവിധ്യങ്ങൾകൊണ്ടുതന്നെയാണ്. ●



# വിസ്മൃതിയിലേക്ക് സഞ്ചരിക്കുന്ന ഭാഷാനാടകങ്ങൾ



ഡോ.സാംകുട്ടി പട്ടംകരി

മലയാളനാടകരചനകൾ ഏറെ ഗുണപരമായ സാഹിത്യചർച്ചയിലേക്ക് കടന്നുവരാത്ത ഒരു ചരിത്രസന്ദർഭമാണിത്. കുറച്ചുകാലമായി ഇത്തരം ഒരു മാറ്റം കണ്ടുതുടങ്ങിയിട്ട്. അതേസമയം ചെറുകഥയിലും കവിതയിലും നോവലിലും അത്ഭുതപ്പെടുത്തുന്ന വളർച്ച ഉണ്ടാവുകയും വിമർശനപഠനമേഖലകളിൽ ഗൗരവപൂർവമായ എഴുത്തുകൾ വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. എത്രയേറെ പുതുനിര എഴുത്തുകളാണ് ഈ ശാഖകളിലെല്ലാം സംഭവിക്കുന്നത്. എഴുത്തുശീലങ്ങളിൽ, വിഷയസ്വീകരണങ്ങളിൽ, വ്യവഹാരപദ്ധതികളിൽ എല്ലാം വേറിട്ടതും കാലത്തെ അടയാളപ്പെടുത്തുന്നതുമായ നവ്യത ദൃശ്യമാവുന്നുണ്ട്. എന്നാൽ, എന്തുകൊണ്ടാണ് സാഹിത്യമെന്ന നിലയിലുള്ള പരിശോധനകളും വിശകലനങ്ങളും നാടകസാഹിത്യശാഖക്ക് നഷ്ടപ്പെട്ടിരിക്കുന്നത് അഥവാ ശുഷ്കമായി കാണപ്പെടുന്നതെന്ന് വസ്തുത ഇനിയും വേണ്ടവിധം ശ്രദ്ധയിൽപെട്ടിട്ടില്ല എന്നതാണിവിടെ പറയാൻ ആഗ്രഹിക്കുന്നത്.

ഈ വിഷയം നാടകപ്രവർത്തകരുടെ ചർച്ചക്ക് വേണ്ടിയുള്ളത് മാത്രമായി ചുരുക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. മലയാളനാടകമേഖലയിൽ കലാരൂപപരമായി കടന്നുവന്നിട്ടുള്ള നവീനചർച്ചകളെല്ലാം സാമൂഹികമൂല്യമെന്ന് വിഷയത്തെത്തന്നെ അടിമുടി യുക്തിഹരിതമാക്കിയിട്ടുള്ള കാലമാണിത്. ദൃശ്യപാഠങ്ങളുടെ ഈ അമിതാകർഷണത്തിലേക്ക്, അഥവാ വായനക്കാരിൽനിന്നും അരാഷ്ട്രീയപ്രേക്ഷകനിലേക്ക് മാത്രമായിത്തീർന്ന ഒരു അകച്ചുഴി രൂപപ്പെട്ടിരിക്കുന്നു.

ചുരുക്കത്തിൽ, അന്താരാഷ്ട്രനാടകമേളകളും മറ്റും കേരളത്തിലെ നാടകസാഹിത്യരചനയിൽ നടക്കുന്ന പരീക്ഷണങ്ങളെ തികച്ചും ഒഴിവാക്കിയതായിട്ടാണ് കണ്ടുവരുന്നത്. ഒരുപക്ഷേ, ദൃശ്യഭാഷക്ക് ലഭിച്ചിരിക്കുന്ന അമിതാധികാരം സാഹിത്യചിന്തക്ക് നൽകുന്ന ക്ഷീണത്തെ കൂടുതൽ ഗൗരവത്തോടെ സമീപിക്കേണ്ടിയിരിക്കുന്നു എന്നതാണ് ഈ പുസ്തകോൽസവസന്ദർഭത്തിൽ നാമോർക്കേണ്ടത്. നാടകസാഹിത്യത്തിന്റെ ഊർജശോഷണത്തെ കാണേണ്ടത് ദൃശ്യഭാഷയുടെ ആഗോളീകരണങ്ങളിൽ ആകൃഷ്ടരായി ഭാഷാസ്വത്വം നഷ്ടപ്പെടുന്ന ഭാഷാഭാവനയുടെകൂടി വ്യവഹാരാർത്ഥത്തിലാണ്. ഭാഷ നഷ്ടപ്പെടുന്ന ജനതകളെക്കുറിച്ച് ഭാഷാപഠനങ്ങൾ രേഖപ്പെടുത്തുന്നത് വിസ്മൃതിയിലേക്കുള്ള രാജപാതകളിലൂടെ പലായനം ചെയ്യപ്പെടുന്ന നിരാശരായ മൃതഭാഷാവിഭാഗങ്ങളെയാണ്. ●






# സാംസ്കാരികോണർവിന്റെ അക്ഷരോൽസവങ്ങൾ

ജേക്കബ് ബെഞ്ചമിൻ

നാടെമ്പാടും ചെറുതും വലുതുമായ അക്ഷരോൽസവങ്ങൾ അരങ്ങേറുന്ന വളരെ പ്രതീക്ഷാനിർഭരമായ സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കപ്പെച്ചിരിക്കുന്നുവെന്നതാണ് പുതിയ പ്രതിഭാസം. കേരളത്തിൽ അങ്ങോളമിങ്ങോളം വലിയ ഉൽസപ്രതീതിയാണ് അക്ഷരങ്ങളെ സാക്ഷിയാക്കി സംഘടിപ്പിക്കപ്പെടുന്നത്. എന്തൊക്കെ വിമർശനങ്ങളും എതിരഭിപ്രായങ്ങളും ഉണ്ടായാൽതന്നെയും അവയെല്ലാംതന്നെ നമ്മുടെ സാംസ്കാരികോണർച്ചക്ക് പ്രചോദകങ്ങളാണെന്നതിൽ സംശയമില്ല. അമ്പലപ്പറമ്പിലും പൂരപ്പറമ്പിലും പള്ളിമുറ്റത്തും കൊട്ടിയാഘോഷിക്കപ്പെടുന്ന ആചാരാനുഷ്ഠാനപ്രഹസനങ്ങളിൽനിന്ന് നമ്മുടെ യുവതലമുറയെ വഴിമാറ്റിയെടുക്കുന്നതിൽ വലിയ പങ്കാണ് അക്ഷരമുറ്റങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന അർത്ഥവത്തായ അക്ഷരോൽസവങ്ങൾ.

വളരെയടുത്ത കാലത്തുമാത്രമാണ് ഇത്രയധികം ഉണർച്ച അക്ഷരലോകത്ത് കാണാൻ തുടങ്ങിയത്. ഇത് ഭാവിയിലേക്കുള്ള ഒരു തുടർപ്രക്രിയയായിരിക്കുമെന്നതിൽ സന്ദേഹിക്കേണ്ടതില്ല. ഒരു സമൂഹമാകെ കൈവരിക്കുന്ന ഈ സാംസ്കാരികൗന്നത്യത്തെ നവോത്ഥാനമെന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. ഒരുപക്ഷേ, ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തിനും അവകാശപ്പെടാൻ കഴിയാത്ത ഒരു സാമൂഹ്യാന്തരീക്ഷം അക്ഷരകേരളത്തിന് അവകാശപ്പെടാം. അക്ഷരങ്ങളിലൂന്നിയുള്ള ഈ സാമൂഹ്യാന്തരീക്ഷത്തെ സദാ സജ്ജമാക്കി, ജാഗ്രത്താക്കി നിർത്തുക എന്ന ഉത്തരവാദിത്തം സാംസ്കാരികബോധമുള്ളവർക്കുള്ളവരുടേതാണ്. കേരളത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും കണ്ണൂരും അക്ഷരോൽസവങ്ങൾ കൊടിയിറങ്ങിയതേയുള്ളൂ. വൻ ജനപ്രവാഹമാണെവിടേയും. ഇപ്പോൾ തൃശൂരിൽ സാഹിത്യ അക്കാദമിയുടെ പുസ്തകോൽസവം നടക്കുകയാണ്. അടുത്ത മാസം കൊച്ചിയിൽ കൃതി ഫെസ്റ്റിവൽ നടക്കാനിരിക്കുന്നു. കഴിഞ്ഞ കൃതി ഫെസ്റ്റിവലിൽ വിറ്റഴിഞ്ഞത് പതിനേഴ് കോടി രൂപയുടെ പുസ്തകങ്ങളാണ്.

മനുഷ്യർ അക്ഷരങ്ങളെ ഇഷ്ടപ്പെടുന്നു. അക്ഷരങ്ങളെ ദൈവങ്ങളായി കരുതുന്നു. അക്ഷരങ്ങളിൽ അഭയംകൊള്ളുന്നു. അക്ഷരങ്ങൾക്കായി സ്വയം സമർപ്പിക്കുന്നു. പുതിയൊരു സാംസ്കാരികഭൂമികയാണ് അക്ഷരോൽസവങ്ങൾ സൃഷ്ടിക്കുന്നത്. ഭേദചിന്തകളില്ലാത്ത, ബഹുസ്വരസവിശേഷമായ ഒരു പുതിയ യുഗപ്പിറവിക്കുള്ള നാന്ദി കുറിക്കലായി അക്ഷരോൽസവങ്ങൾ മാറട്ടെ. സങ്കുചിതാചാരവിശ്വാസങ്ങളിൽനിന്ന് നമ്മുടെ സമൂഹത്തെ വിടർത്തിയെടുക്കാൻ അക്ഷരങ്ങളിലൂന്നിയുള്ള സാംസ്കാരിക മുന്നേറ്റങ്ങൾക്കേ കഴിയുകയുള്ളൂ. ●

# മുതിർന്ന ഗ്രന്ഥശാലാപ്രവർത്തകരെ സാഹിത്യ അക്കാദമി ആദരിക്കുന്നു

ദേശീയപുസ്തകോൽസവത്തിന്റെ ഭാഗമായി കേരള സാഹിത്യ അക്കാദമി ആറ് ഗ്രന്ഥശാലാപ്രവർത്തകരെ സമാദരിക്കുന്നു. കീഴാറ്റൂർ അനിയൻ (മലപ്പുറം), ടി.പി.വേലായുധൻമാസ്റ്റർ (എറണാകുളം), വി.കെ.ജയപ്രകാശ് (പാലക്കാട്), മംഗലശ്ശേരി മാധവൻ (വയനാട്), ജെ.ഗീതാകുമാരി (ഇടുക്കി-തിരുവനന്തപുരം), കെ.ചന്ദ്രൻമാസ്റ്റർ (കോഴിക്കോട്) എന്നിവരെയാണ് ആദരിക്കുന്നത്. ഗ്രന്ഥശാലാപ്രവർത്തനത്തിനുവേണ്ടി ജീവിതത്തിന്റെ ഒട്ടുമുക്കാൽ സമയവും പ്രവർത്തിച്ചവരാണ് ഇവർ.

ഡോ.കാവുമ്പായി ബാലകൃഷ്ണൻ, ഡോ.കെ.വി.കുഞ്ഞികൃഷ്ണൻ, കെ.പി.രമണൻ, കാസിംമാസ്റ്റർ, കെ.എൻ.ഹരി എന്നിവരടങ്ങിയ സമിതിയാണ് ആദരിക്കുന്ന ഗ്രന്ഥശാലാപ്രവർത്തകരെ തെരഞ്ഞെടുത്തത്. ഫെബ്രുവരി പത്തിന് വൈകീട്ട് നാല് മണിക്ക് പുസ്തകോൽസവവേദിയിൽ നടക്കുന്ന ആദരാർപ്പണസമ്മേളനം കൃഷിവകുപ്പുമന്ത്രി അഡ്വ.വി.എസ്.സുനിൽകുമാർ ഉദ്ഘാടനംചെയ്യും. അക്കാദമി പ്രസിഡന്റ് വൈശാഖൻ ആദരാർപ്പണം നിർവഹിക്കും. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് മുരളി പെരുനെല്ലി എംഎൽഎ അധ്യക്ഷത വഹിക്കും. അക്കാദമി അംഗം പി.വി.കെ.പനയാൽ അതിഥി പരിചയം നടത്തും. കെ.രാജൻ എംഎൽഎ, ശിവരാമൻ ചെറിയനാട്, എൻ.രാജൻ, ഡോ.കെ.പി.മോഹനൻ, കെ.എൻ.ഹരി എന്നിവർ സംസാരിക്കും.



### കെ.ചന്ദ്രൻമാസ്റ്റർ

1946ൽ കോഴിക്കോട് ജില്ലയിലെ പയിമ്പ്രയിൽ ജനിച്ചു. പയിമ്പ്ര ചന്ദ്രോദയം വായനശാലയിൽ 1969 വരെ പ്രവർത്തകസമിതി അംഗം. 1969 മുതൽ 1985 വരെ അവിടെ സെക്രട്ടറിയായി പ്രവർത്തിച്ചു. 1970ൽ കേരളഗ്രന്ഥശാലാസംഘം സംസ്ഥാന കൗൺസിൽ അംഗമായി. 1976ൽ കോഴിക്കോട് താലൂക്ക് യൂണിയൻ എക്സിക്യൂട്ടീവ് അംഗമായി. 1976ൽ ഗ്രന്ഥശാലാസംഘം പിരിച്ചുവിടുന്നതുവരെ താലൂക്ക് യൂണിയൻ അംഗമായി പ്രവർത്തിച്ചു. തുടർന്ന് പിരിച്ചുവിട്ട നടപടിക്കെതിരായ പ്രക്ഷോഭത്തിൽ സജീവമായി.

1994ൽ പയിമ്പ്ര ചന്ദ്രോദയം വായനശാലയിൽനിന്ന് കോഴിക്കോട് താലൂക്ക് ലൈബ്രറി കൗൺസിലിലേക്കും തുടർന്ന് ജില്ല-സംസ്ഥാന കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആദ്യ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ അംഗമായി 5 വർഷം പ്രവർത്തിച്ചു. തുടർന്ന് 3 തവണയായി കോഴിക്കോട് ജില്ല ലൈബ്രറി കൗൺസിൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു.



### വി.കെ.ജയപ്രകാശ്

1948ൽ പാലക്കാട് പുതുപ്പരിയാരത്ത് ജനനം. 1967ൽ കാവിൽപ്പാട് ശ്രീനാരായണ വായനശാല ആരംഭിക്കുന്നതിൽ പങ്കാളിയായി. 1988ലെ കൺട്രോൾ ബോർഡിന്റെ കാലം മുതൽ 2010 വരെ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ്. പ്രഥമ സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗം. പാലക്കാട് ജില്ലയിലെ എം.സി.എൽ. ലൈബ്രറി പുനഃസംഘടിപ്പിച്ചു. മലമ്പുഴ ട്രൈബൽ ലൈബ്രറി ആരംഭിക്കാൻ മുൻകൈയെടുത്തു. ഗ്രന്ഥശാലാസംരക്ഷണസമിതിയുടെ ജില്ലാ ചെയർമാനായിരുന്നു. എൽ.എൽ.എ. ലൈബ്രറികൾ സർക്കാർ ഏറ്റെടുക്കാനുള്ള എൽ.എൽ.എ. സംരക്ഷണസമിതിയുടെ മുൻനിരയിൽ പ്രവർത്തിച്ചു. പഴയ എൽ.എൽ.എ. ലൈബ്രറിയായിരുന്ന പാലക്കാട് സെൻട്രൽ ലൈബ്രറിയുടെ വിവിധ സ്ഥലങ്ങളിൽ ചിതറിക്കിടന്ന അമൂല്യ ഗ്രന്ഥങ്ങൾ ശേഖരിച്ച് ജനകീയ കമ്മിറ്റിയെ ഏല്പിച്ചു. ജില്ലയിലെ, ലൈബ്രറികളെ സംബന്ധിച്ച് 'അക്ഷരസ്മൃതി മണ്ഡപം' എന്ന ഡോക്യുമെന്ററി നിർമ്മിച്ചു.



**ടി.പി.വേലായുധൻമാസ്റ്റർ**

എറണാകുളം കാരമറ്റത്ത് ജനനം. പാലിശ്ശേരി എസ്.എൻ.സി.പി. ലൈബ്രറിയുടെ പ്രവർത്തകനായി പൊതുപ്രവർത്തനത്തിൽ പ്രവേശിച്ചു. ഏറെക്കാലം സെക്രട്ടറിയുമായി. 1975-ൽ അടിയന്തരാവസ്ഥക്കാലത്ത് ഗ്രന്ഥശാലാസംഘം പിരിച്ചുവിടുമ്പോൾ ആലുവ താലൂക്ക് ലൈബ്രറി കമ്മറ്റി അംഗമായിരുന്നു. കൺട്രോൾ ബോർഡ് ഭരണകാലത്തും ഗ്രന്ഥശാലകൾ സജീവമായി നിലനിർത്താൻ പ്രവർത്തിച്ചു. ഗ്രന്ഥശാലാസംരക്ഷണസമിതിയുടെ നേതൃത്വത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 2005-10 കാലത്ത് എറണാകുളം ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറിയായും തുടർന്ന് വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു. ഇപ്പോൾ സംസ്ഥാന കൗൺസിൽ അംഗം. ലൈബ്രേറിയൻ പരിശീലനപരിപാടിയുടെ ജില്ലാചുമതല വഹിക്കുന്നു. എറണാകുളം ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയ മികച്ച ഗ്രന്ഥശാലാപ്രവർത്തകനുള്ള പുരസ്കാരം ലഭിച്ചിട്ടുണ്ട്.



**മംഗലശ്ശേരി മാധവൻ**

1960 മുതൽ ഗ്രന്ഥശാലാപ്രവർത്തനത്തിലൂടെ പൊതുരംഗത്തേയ്ക്ക് പ്രവേശിച്ചു. പി.എൻ.പണിക്കരുടെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ ലൈബ്രറി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ജില്ലാ നിർവ്വാഹകസമിതിയിലും താലൂക്ക് കൗൺസിലിലും പ്രവർത്തിച്ചു. വയനാട് ജില്ലയിലെ പ്രസിദ്ധമായ ചെറുകര റിനൈസെൻസ് ലൈബ്രറിയുടെ സ്ഥാപകസമിതി അംഗമായിരുന്നു. കഴിഞ്ഞ ഇരുപത് വർഷമായി അതിന്റെ പ്രസിഡന്റായും പ്രവർത്തിക്കുന്നു. 1980ൽ വയനാട് ജില്ല രൂപീകരിച്ചതിനുശേഷം ജില്ലാസെക്രട്ടറിയായും പ്രവർത്തിച്ചു. 1990ൽ കേരളസർക്കാർ നടത്തിയ സമ്പൂർണ്ണസാക്ഷരതായജ്ഞത്തിൽ റിസോഴ്സ് പേഴ്സണായും പ്രവർത്തിച്ചു. ഗ്രന്ഥശാലാപ്രവർത്തനംകൂടി പരിഗണിച്ച് 1990ൽ ദേശീയ അധ്യാപക അവാർഡിന് അർഹനായി.



**കീഴാറ്റൂർ അനിയൻ**

1957-ൽ മേലാറ്റൂർ ദേശീയ ഗ്രന്ഥാലയത്തിന്റെ പ്രവർത്തകസമിതി അംഗമായി പ്രവർത്തനം ആരംഭിച്ചു. 1960-ൽ കീഴാറ്റൂരിൽ ഗ്രന്ഥാലയം സ്ഥാപിച്ച് അതിന്റെ സെക്രട്ടറിയായി. 1964-ൽ പെരിന്തൽമണ്ണ താലൂക്ക് ജോയിന്റ് സെക്രട്ടറിയായി. 1967-ൽ താലൂക്ക് സെക്രട്ടറിയായി. കൺട്രോൾ ബോർഡ് ഭരണം വന്നപ്പോൾ രണ്ട് തവണയും കൺട്രോൾ ബോർഡ് അംഗമായി. 1994-ൽ ലൈബ്രറി കൗൺസിൽ നിലവിൽ വന്നപ്പോൾ പെരിന്തൽമണ്ണ താലൂക്ക് സെക്രട്ടറിയായി. തുടർന്ന് മലപ്പുറം ജില്ലാ ജോയിന്റ് സെക്രട്ടറി, ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. 2009 മുതൽ സംസ്ഥാന കമ്മിറ്റി അംഗം. ഇപ്പോൾ സംസ്ഥാന നിർവ്വാഹസമിതിയിൽ അംഗമാണ്. ഗ്രന്ഥാലോകം മാസികയുടെ പത്രാധിപസമിതിയിലും അംഗമാണ്.



**ജെ.ഗീതാകുമാരി**

1972ൽ ജനിച്ചു. 2003 മുതൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ വിവിധ പദ്ധതികളിൽ പ്രവർത്തിക്കുന്നു. പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ പട്ടികവർഗ്ഗ കോളനിപ്രദേശങ്ങളിൽ ലൈബ്രറികൾ സ്ഥാപിക്കുന്നതിലും പരിപാലിക്കുന്നതിനും നേതൃത്വം നൽകി.

തിരുവനന്തപുരം ജില്ലയിലെ പന്നിമല മദ്യനിരോധനസമിതിയുടെ സെക്രട്ടറിയായി 1993-2013 കാലത്ത് പ്രവർത്തിച്ചു. സഖി വിമൻസ് റിസോഴ്സ് സെന്റർ ജെന്റർ കോഡിനേറ്ററായി 2007-10 കാലത്ത് പ്രവർത്തിച്ചു.




ചിന്താവിഷ്ടയായ സീത ശതാബ്ദിപ്രഭാഷണം ബാലചന്ദ്രൻ ചുള്ളിക്കാട് നിർവഹിക്കുന്നു.



കൊച്ചിൻ ചവിട്ടുനാടകക്കളരി അവതരിപ്പിച്ച ജൂലിയസ് സീസർ ചവിട്ടുനാടകം




പുറത്താക്കപ്പെടലിന്റെ രാഷ്ട്രീയം : അനുഭവങ്ങളും ആവിഷ്കാരങ്ങളും സംവാദം
ശ്രീലങ്കൻ-തമിഴ് കവിയും നാടകകൃത്തുമായ ചേരൻ രുദ്രമൂർത്തി ഉദ്ഘാടനം ചെയ്യുന്നു.

---

Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at ColorMode, Thrissur | Photo : Monalisa | Design : Roy Akkara